# മസ്ജിദുൽ അഖ്സക്ക് നേരെയുള്ള ഭീഷണി തടയാൻ ആഹ്വാനം



**ഇസ്രയേൽ** മസ്ജിദുൽ അഖ്സയുടെ ചുറ്റും നടത്തുന്ന നിർമാണ പ്രവർത്തനങ്ങൾ എത്രയും വേഗം തടഞ്ഞില്ലെങ്കിൽ വിശുദ്ധ ഗേഹത്തിന്റെ നാശമായിരിക്കും ഫലമെന്ന് ഖുദ്സ് ഗ്രാന്റ് മുഫ്തി ശൈഖ് മുഹമ്മദ് ഹുസൈൻ മുന്നറിയിപ്പ് നൽകി. മസ്ജിദുൽ അഖ്സക്ക് ചേർന്നുള്ള 'അൽബുറാഖ്' അങ്കണത്തിലാണ് മാസങ്ങളായി അധിനിവേശ ശക്തി കുഴികൾ നിർമിക്കുന്നത്. ജൂത ആരാധനാ കേന്ദ്രം നിർമിക്കാനെന്ന വ്യാജേന നടത്തുന്ന നിർമാണ പ്രവർത്തനങ്ങൾ അൽഅഖ്സ മൊത്തമായി കൈയേറാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്ന് ഫലസ്തീൻ നേതാക്കൾ വളരെ മുമ്പുതന്നെ മുന്നറിയിപ്പ് നൽകിയിരുന്നു.

അൽബുറാഖ് പ്രദേശം വഖ്ഫ് സ്വത്തിന്റെ ഭാഗമാണ്. പ്രസ്തുത ഭൂമിയിൽ നടന്നുവരുന്ന ഇസ്രയേലിന്റെ നിർമാണ പ്രവർത്തനങ്ങൾ മസ്ജിദുൽ അഖ്സയുടെ നാശത്തിനു വഴിവെക്കും. ജൂത രാഷ്ട്രത്തിന്റെ ആക്രമണങ്ങളിൽ നിന്ന് പുണ്യ ഗേഹത്തെയും വഖ്ഫ് വസ്തുവകകളെയും സംരക്ഷിക്കാൻ ലോകത്തെ മുഴുവൻ സമാധാന പ്രേമികളും മുന്നോട്ട് വരണമെന്ന് ശൈഖ് മുഹമ്മദ് ഹുസൈൻ അഭ്യർഥിച്ചു.

## മുർസി ദിനേന മറുപടി നൽകുന്നത് മൂവായിരത്തിലധികം ചോദ്യങ്ങൾക്ക്

**സോഷ്യൽ** മീഡിയ ഉപയോഗിച്ച് ഈജിപ്ഷ്യൻ പ്രസിഡന്റ് യുവാക്കളെ കൈയിലെടുക്കുന്നു. സോഷ്യൽ മീഡിയയിലൂടെ ഉന്നയിക്കുന്ന എല്ലാ സംശയങ്ങൾക്കും പ്രസിഡന്റിന്റെ മറുപടി ലഭിക്കും. വൈകുന്നേരം ഒമ്പത് മണിമുതൽ അരമണിക്കൂറോളം പ്രസിഡന്റ് തന്റെ സമയം യുവാക്കൾക്ക് നീക്കിവെച്ചിരിക്കുകയാണ്. ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയെന്ന ലക്ഷ്യത്തോടെ മുർസി സ്വീകരിച്ചുവരുന്ന ടിറ്റർ ബന്ധങ്ങൾക്ക് ഈജിപ്തിൽ വൻ സ്വീകാര്യതയാണ് ലഭിച്ചുവരുന്നത്. പ്രസിഡന്റ് ചില രാഷ്ട്രീയ തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നതും സോഷ്യൽ മീഡിയ മുഖേനതന്നെയാണ്.

പ്രസിഡന്റിന്റെ ജനകീയ പിന്തുണയിൽ വിറളിപൂണ്ട ഇസ്‌ലാം വിരുദ്ധരും മറ്റു സാമ്രാജ്യത്വ താൽപര്യ സംരക്ഷകരും ചേർന്നാണ് ഈജിപ്തിൽ ക്രമസമാധാനം തകർക്കാൻ ശ്രമിക്കുന്നത്. ഇതിനെ നേരിടാൻ മുസ്‌ലിം ബ്രദർ ഹുഡും പ്രസിഡന്റ് മുർസിയും പരമാവധി ശ്രദ്ധയോടെ നീങ്ങുന്നത് കാരണം മാത്രമാണ് ഈജിപ്തിൽ രക്തച്ചൊരിച്ചിൽ ഒഴിവാകുന്നത്.

## യമനിൽ സൈനിക തലപ്പത്ത് അഴിച്ചു പണി
## അലി സ്വാലിഹ് കുടുംബാംഗങ്ങൾ പുറത്ത്

**യമനിൽ** ജനകീയ വിപ്ലവം മുൻ ഏകാധിപതി അലി സ്വാലിഹിനെ പുറത്താക്കിയെങ്കിലും അധികാര കേന്ദ്രങ്ങളിൽ തന്റെ കുടുംബാംഗങ്ങളെ കുടിയിരുത്തി റിമോട്ട് കൺട്രോൾ ഭരണം നടത്തുകയായിരുന്നു അദ്ദേഹം. എന്നാൽ, ഇത്രയും കാലം സൈനിക അധികാര കേന്ദ്രങ്ങൾ അടക്കിവാണിരുന്ന അലി സ്വാലിഹിന്റെ മക്കളെയും ബന്ധുക്കളെയും തൽസ്ഥാനത്ത് നിന്ന് നീക്കി പ്രസിഡന്റ് അബ്ദുറബ്ബുഹു മൻസൂർ ഹാദി, അലി സ്വാലിഹിന്റെ അനുയായികൾക്ക് വൻ തിരിച്ചടിയാണ് നൽകിയിരിക്കുന്നത്.

രാജ്യത്തെ ഏറ്റവും വലിയ സൈനിക സ്ഥാനമായ നാഷ്നൽ സെക്യൂരിറ്റി ഗാർഡ് മേധാവിയായിരുന്ന അലി സ്വാലിഹിന്റെ മൂത്ത മകൻ അഹ്മദ് അലി അബ്ദുല്ല സ്വാലിഹ്, സുരക്ഷാ വിഭാഗം മേധാവിയായിരുന്ന ജേഷ്ഠ പുത്രൻ അമ്മാർ മുഹമ്മദ് അബ്ദുല്ല സ്വാലിഹ് തുടങ്ങി സൈനിക അധികാര കേന്ദ്രങ്ങളിൽ വർഷങ്ങളായി അടക്കിവാണുകൊണ്ടിരുന്നവരെയാണ് പുറത്താക്കിയത്. പകരം ഇവരെ വിദേശ രാജ്യങ്ങളിൽ അപ്രധാന സ്ഥാനങ്ങളിൽ നിയമിച്ച് പ്രസിഡന്റ് ഉത്തരവിറക്കി. വിപ്ലവകാരികൾ നിരന്തരം ഉന്നയിച്ചുവന്ന ആവശ്യം നിറവേറ്റാൻ മുന്നോട്ടുവന്നതിന്റെ പിന്നിൽ പ്രസിഡന്റ് അബ്ദു റബ്ബുഹു മൻസൂർ ഹാദിക്ക് പല പ്രധാന രാഷ്ട്രീയ ലക്ഷ്യങ്ങളുമുണ്ടെന്നാണ് കരുതപ്പെടുന്നത്.



*അബ്ദുറബ്ബുഹു, അലി സ്വാലിഹ്*

# നൈജീരിയൻ മുസ്‌ലിംകളെ വ്യാപകമായി വേട്ടയാടുന്നു



**നൈജീരിയയിൽ** സാമ്രാജ്യത്വശക്തികളുടെ പിന്തുണയോടെ മുസ്‌ലിം നേതാക്കളെ വേട്ടയാടുകയും ആരാധനാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യാപകമായി നശിപ്പിക്കുകയും ചെയ്യുന്നതായി റിപ്പോർട്ട്. 'ജിബോമു ജുംബൊ' എന്ന ക്രിസ്ത്യൻ തീവ്രവാദ സംഘടനയാണ് മുസ്‌ലിം പണ്ഡിതർക്കും ഇസ്‌ലാമിക ചിഹ്നങ്ങൾക്കുമെതിരെ 'കുരിശു യുദ്ധം' നടത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. മെയ് അവസാനത്തോടെ മുസ്‌ലിം നേതാക്കളെയും ആരാധനാലയങ്ങളെയും ഇസ്‌ലാമിക സ്ഥാപനങ്ങളെയും ലക്ഷ്യംവെച്ച് ആക്രമണങ്ങൾ അഴിച്ചുവിടുമെന്നാണ് സംഘടനയുടെ ഭീഷണി. മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായിരുന്ന നൈജീരിയയിൽ ക്രിസ്ത്യൻ മിഷനറികളുടെ ആസൂത്രിത പ്രവർത്തനഫലമായി ക്രിസ്തുമതത്തിലേക്ക് വൻതോതിൽ മതം മാറ്റം നടക്കുന്നു. നിലവിൽ 50 ശതമാനം ക്രിസ്തുമത വിശ്വാസികളും 47 ശതമാനം മുസ്‌ലിംകളുമെന്നാണ് ഔദ്യോഗിക കണക്ക്. പട്ടാളം എക്കാലത്തും സാമ്രാജ്യ താൽപര്യങ്ങൾ സംരക്ഷിച്ചു പോരുന്നു.

# ശ്രീലങ്കൻ മുസ്‌ലിംകളുടെ അവകാശം സംരക്ഷിക്കപ്പെടണം

**ശ്രീലങ്കയിൽ** കടുത്ത അവകാശ നിഷേധത്തിന്റെ ഇരകളായിക്കൊണ്ടിരിക്കുന്ന ശ്രീലങ്കൻ മുസ്‌ലിംകളുടെ അവകാശം സംരക്ഷിക്കപ്പെടണമെന്ന് ലോക മുസ്‌ലിം പണ്ഡിത സഭ ശ്രീലങ്കൻ സർക്കാറിനോടാവശ്യപ്പെട്ടു. മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങൾക്ക് ചർച്ചകളിലൂടെ പരിഹാരം കാണണമെന്നും വർഗീയത ഊതിവീർപ്പിച്ച് മുതലെടുപ്പ് നടത്തുന്ന പ്രതിലോമ ശക്തികളെ ഒറ്റപ്പെടുത്തണമെന്നും പണ്ഡിത സഭ ആവശ്യപ്പെട്ടു. പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ നിഷ്പക്ഷമായ ഒരു കമ്മിറ്റിക്ക് രൂപം നൽകണമെന്നും ന്യൂനപക്ഷ വിഭാഗമായ മുസ്‌ലിംകൾക്ക് രാജ്യത്ത് സമാധാനത്തോടെ കഴിയാനുള്ള സാഹചര്യം സർക്കാർ ഒരുക്കണമെന്നും പണ്ഡിതസഭ ആവശ്യപ്പെട്ടു. ഒ.ഐ.സി യും വിവിധ മനുഷ്യാവകാശ സംഘടനകളും ശ്രീലങ്കൻ സർക്കാറിൽ സമ്മർദം ചെലുത്തണമെന്നും ലോക മുസ്‌ലിം പണ്ഡിതസഭ അഭ്യർഥിച്ചു.

# പുട്ടിൻ ബശ്ശാറിനെ പിന്തുണക്കുന്നത് ഇസ്‌ലാംപേടി മൂലമെന്ന്

**റഷ്യയിലെ** വർധിച്ചുവരുന്ന മുസ്‌ലിം ജനസംഖ്യയാണ് സിറിയൻ ഏകാധിപതി ബശ്ശാറിനെ പിന്തുണക്കാൻ റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുട്ടിനെ നിർബന്ധിക്കുന്നതെന്ന് മോസ്കോയിലെ കാർനേജ് എൻഡോവ്‌മെന്റ് സെന്റർ റിസർച്ച് സ്കോളർ അലക്സി മലഷങ്കോ(Alexey Malashenko) വിലയിരുത്തുന്നു. അവസാനത്തെ കണക്കു പ്രകാരം റഷ്യൻ മുസ്‌ലിം ജനസംഖ്യ 20 ദശലക്ഷം വരും. മോസ്കോ നഗരത്തിൽ മാത്രം ഒന്നര ദശലക്ഷം മുസ്‌ലിംകളുണ്ട്. ദ്രുതഗതിയിലുള്ള മുസ്‌ലിം ജനസംഖ്യാ വർധനവിൽ റഷ്യൻ പ്രസിഡന്റ് അസ്വസ്ഥനാണ്.

സിറിയൻ ഉയിർപ്പിന്റെ പ്രാഥമിക ഘട്ടങ്ങളിൽ റഷ്യൻ മുസ്‌ലിംകൾ പ്രതികരിച്ചിരുന്നില്ല. എന്നാൽ, സിറിയൻ വിപ്ലവത്തിനുനേരെ പുട്ടിൻ സ്വീകരിക്കുന്ന തെറ്റായ നയം കാരണം റഷ്യൻ മുസ്‌ലിംകൾ സിറിയൻ പ്രതിപക്ഷത്തോട് അനുകൂല സമീപനം സ്വീകരിച്ചുവരുന്നതായും മലഷങ്കോ കരുതുന്നു. ഖോകാസ്, തെര്ർരിസ്ഥാൻ എന്നിവിടങ്ങളിൽ പതിനായിരങ്ങളാണ് സിറിയൻ പ്രതിപക്ഷത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രകടനം നടത്തിയത്. സിറിയയിൽ ബശ്ശാറിനെ പിന്തുണക്കുകവഴി ജനകീയ



*ബശ്ശാർ, പുട്ടിൻ*

പ്രക്ഷോഭങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻ സിറിയൻ ഏകാധിപതിയെ സഹായിക്കുകയും റഷ്യയിൽ മുസ്‌ലിംവിരുദ്ധ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നതിൽ പ്രതിഷേധിച്ചാണ് പ്രകടനം. മിഡിലീസ്റ്റിൽ സദ്ദാം ഹുസൈനും മുഅമ്മർ ഖദ്ദാഫിയും നഷ്ടമായ സാഹചര്യത്തിൽ റഷ്യയുടെ അവസാനത്തെ പിടിവള്ളി ബശ്ശാർ മാത്രമാണെന്നും അതുകൊണ്ടുതന്നെ എന്തുവിലകൊടുത്തും സിറിയൻ ഏകാധിപതിയെ സംരക്ഷിക്കാൻ പുട്ടിൻ തയാറാകുമെന്നും മലഷങ്കോ വ്യക്തമാക്കി.

# സ്പോർട്സിലെ സാമ്പ്രദായികതക്ക് മാറ്റംവരുത്തുമെന്ന്

**ഇസ്‌ലാമിക** വസ്ത്ര രീതി പാലിക്കണമെന്ന് നിർബന്ധമുള്ള മുസ്‌ലിം പെൺകുട്ടികൾ കളിക്കളങ്ങളിലിറങ്ങുമ്പോൾ സ്ത്രീകളുടെ സ്പോർട്സ് വസ്ത്രവുമായി ബന്ധപ്പെട്ട വിവാദവും പൊട്ടി വീഴും. ഇക്കാരണത്താൽ പല അന്താരാഷ്ട്ര മത്സരങ്ങളിലും തിളങ്ങാൻ കഴിയാതെ മുസ്‌ലിം രാഷ്ട്രങ്ങളിലെ പ്രഗത്ഭരായ സ്പോർട്സ് താരങ്ങൾ പിൻവാങ്ങിയിട്ടുണ്ട്. എന്നാൽ, സ്പോർട്സിൽ വസ്ത്രമല്ല പ്രധാനമെന്ന് യൂറോപ്യൻ നാടുകളിലെ മുസ്‌ലിം വനിതകൾ തെളിയിച്ചുകൊണ്ടിരിക്കുന്നു. മാന്യമായി വസ്ത്രം ധരിച്ചുതന്നെ പല അന്താരാഷ്ട്ര മത്സരങ്ങളിലും പങ്കെടുക്കാനുള്ള നിയമ സാധുത അവർ നേടിക്കഴിഞ്ഞു.

സ്പോർട്സ് വസ്ത്രത്തെക്കുറിച്ച 'മിത്ത്' മാറ്റിക്കുറിക്കാൻ ഒരുപറ്റം ആസ്ത്രേലിയൻ മുസ്‌ലിം പെൺകുട്ടികൾ ഒരു ഫുട്ബോൾ ടീം രൂപീകരിച്ച് മുന്നോട്ട് വന്നിരിക്കുന്നു. മാത്രമല്ല രാജ്യത്തെ ഏറ്റവും പ്രശസ്തമായ ആസ്തേലിയൻ ഫുട്ബോൾ



ലീഗിൽ (എ.എഫ്.എൽ) തങ്ങൾ മാറ്റുരക്കുമെന്നും ടീം ക്യാപ്റ്റൻ ലൈല കാസിം പറഞ്ഞു. മത്സരങ്ങളിൽ വിജയിക്കുക എന്നതിനപ്പുറത്ത് വ്യത്യസ്തമായ ഒരു സ്പോർട്സ് കൾച്ചർ അവതരിപ്പിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് പ്രഥമ മത്സരത്തിൽ Macquarie Universtiy ടീമിനോട് തോൽവി ഏറ്റുവാങ്ങിയ ലൈല കാസിം വ്യക്തമാക്കി.

# പേര് താലിബാൻ വേട്ട, കൊല്ലപ്പെടുന്നത് കുട്ടികളും സ്ത്രീകളും

**പൂർവ** അഫ്ഗാനിസ്താനിലെ കോനാറിൽ കഴിഞ്ഞ ആഴ്ച 'നാറ്റോ' സൈന്യം താലിബാൻ വേട്ടയുടെ ഭാഗമായി ആകാശത്തുനിന്ന് താഴേക്ക് ബോംബ് വർഷിച്ചു. വിഷയം 'സാധാരണ' സംഭവമായതുകൊണ്ട് കൂടുതലെവിടെയും വാർത്ത വന്നതുമില്ല. പതിവുപോലെ 'അൽ ജസീറ' സംഭവം ലോകത്തിനു മുമ്പിൽ പ്രദർശിപ്പിച്ചു. നാറ്റോ ആക്രമണത്തിൽ കൊല്ലപ്പെട്ടത് താലിബാൻ പോരാളികളല്ല എന്നതാണ് വാർത്തയുടെ മർമ്മം. വീടുകളിൽ കളിച്ചും രസിച്ചുമൊക്കെ കഴിയുകയായിരുന്ന 11 പിഞ്ചു കുട്ടികളാണ് കൊല്ലപ്പെട്ടത്. വീടുകൾക്ക് മുകളിലാണ് ബോംബ് വർഷിച്ചത്. കുട്ടികളെ കൂടാതെ ഒരു സ്ത്രീ മരിക്കുകയും മറ്റു ആറ് സ്ത്രീകൾക്ക് മാരകമായി പരിക്കേൽക്കുകയും ചെയ്തു. തൊട്ട് മുമ്പ് പ്രസ്തുത പ്രദേശത്ത് ആയുധ ധാരികളുടെ ആക്രമണത്തിൽ ഒരു അമേരിക്കൻ സൈനികൻ കൊല്ലപ്പെട്ടിരുന്നു. അതിന്റെ പ്രതികാര നടപടിയായിരുന്നു നാറ്റോ ആക്രമണം.

കുട്ടികളും സ്ത്രീകളും കൊല്ലപ്പെട്ട വാർത്ത പുറത്തുവന്നതോടെ അഫ്ഗാനികൾ കർസായിക്കെതിരെ രോഷം പ്രകടിപ്പിച്ച് തെരുവിലിറങ്ങി. അതോടെ 'ആക്രമിക്കപ്പെട്ട വീടുകൾ താലിബാൻ കേന്ദ്രങ്ങളായിരുന്നു, സ്ത്രീകളും കുട്ടികളും ഉണ്ടായിരുന്നത് തങ്ങൾക്കറിയുമായിരുന്നില്ല' തുടങ്ങിയ ന്യായീകരണങ്ങളുമായി 'നാറ്റോ' അധികൃതർ രംഗത്ത് വന്നു.